# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1933 08.06.2018 ൽ മറുപടിയ്ക്ക്

### സ്വകാര്യ ബസുകളിൽ നൽകിവരുന്ന യാത്രാ സൗജന്യങ്ങൾ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സ്കൂൾ,കോളജ് വിദ്യാർത്ഥികൾക്ക് നിലവിൽ സ്വകാര്യ ബസുകളിൽ നൽകിവരുന്ന യാത്രാ സൗജന്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പേര് രജിസ്റ്റർ ചെയ്ത് പഠിക്കുന്ന ഏതൊരു വിദ്യാർത്ഥിക്കും, 40 കി.മീ ദൂരപരിധിയിൽ താമസിക്കുന്ന സ്ഥലം മുതൽ വിദ്യാഭ്യാസ സ്ഥാപനം വരെ എല്ലാ അവധി ദിവസങ്ങളും ഉൾപ്പെടെ അദ്ധ്യയന വർഷം മുഴുവനും രാവിലെ 7 മണി മുതൽ വൈകന്നേരം 7 മണി വരെ സിറ്റി/ടൗൺ, ഓർഡിനറി മൗഫിസിൽ സർവ്വീസ്, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസ് ബസ്സുകളിൽ യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ട്. |
| (ബി) | വിദ്യാർത്ഥികൾക്ക് നൽകുന്ന യാത്രാ നിരക്കിൽ വർദ്ധനവ് വരുത്തണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ചില സ്വകാര്യ ബസ് ഉടമ സംഘടനകളുടെ ആവശ്യ പ്രകാരം നിലവിൽ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന യാത്രാ കൺസഷൻ നിരക്കിൽ വർദ്ധനവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | വിദ്യാർത്ഥികളുടെ യാത്രാ നിരക്ക് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഏതാനും അപേക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിലും നിലവിൽ യാത്രാ നിരക്ക് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ